"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - സംസ്ഥാനത്ത് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ റവന്യൂ, സർവേ വകുപ്പുകളിലെ വിവരങ്ങൾ മാത്രം ഉൾക്കൊള്ളിക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1471/2025/RD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.05.2025 തീയതിയിലെ എൽആർ/12618/2024-ഐടി സെൽ 2-പാർട്ട് (1) നമ്പർ കത്ത്.

**ഉത്തരവ്**

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഭൂമിക്കും സ്മാർട്ടായ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ തിരിച്ചറിയിൽ സംവിധാനം നടപ്പിൽ വരുത്തുവാനാണ് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി കോഡ്, സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി (Unique Land Parcel ID) നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ.ഡി ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന വിധത്തിൽ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കുവാനുദ്ദേശിക്കുന്ന ഡിജിറ്റൽ റവന്യൂ കാർഡ് നടപ്പിലാക്കുക വഴി ലാൻഡ് റെക്കോർഡ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും വകുപ്പിൽ നിന്നുള്ള ഭൂസേവനങ്ങൾ മെച്ചപ്പെടുത്തുവാനും വിവിധ ലാൻഡ് മാനേജ്മെന്റ് സിസ്റ്റങ്ങളിലേക്ക് ഭൂവുടമകളുടെ വിവരശേഖരണവും സംയോജനവും ഉറപ്പാക്കുവാനും കഴിയുന്നതാണ്.

2] 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൻമേലുള്ള ചർച്ചയിൽ ബഹു. ധനമന്ത്രി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള മൂന്ന് പുതിയ പദ്ധതികളിൽ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഒരു വ്യക്തിയെ സംബന്ധിച്ച് വിവിധ വകുപ്പുകളുടെ കൈവശമുള്ള വിവരങ്ങളും API ഇന്റഗ്രേഷൻ വഴി ഡിജിറ്റൽ റവന്യൂ കാർഡിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റവന്യൂ കാർഡിനെ ഒരു മാസ്റ്റർ കാർഡ് സംവിധാനമായി മാറ്റുന്നതിനുള്ള പ്രാരംഭ ഘട്ടമെന്ന നിലയിൽ കൃഷി, ധനം, രജിസ്ട്രേഷൻ, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ-സിവിൽ സപ്ലൈസ് തുടങ്ങിയ വകുപ്പുകളിൽ നിന്നും ഇലക്ട്രോണിക്സ് - വിവരസാങ്കേതിക വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ മുതലായ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വിവരങ്ങൾ API വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്ത് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന

പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ റവന്യൂ, സർവേ വകുപ്പുകളിലെ വിവരങ്ങൾ മാത്രം ഉൾക്കൊള്ളിക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, സർവേയും ഭൂരേഖയും വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 19-06-2025 10:48:10

സെക്ഷൻ ഓഫീസർ